"ഭരണഭാഷ മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-11310/20

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം,
തീയതി : 12.04.2022
Email : wcdicdsb2@gmail.com
Phone No. 0471 – 2346534

# സർക്കുലർ

വിഷയം : വനിത ശിശുവികസന വകുപ്പ് – സംയോജിത ശിശു വികസന സേവന പദ്ധതി അങ്കണവാടി സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തൽ – ഗ്രേഡിംഗ് സംബന്ധിച്ച്.

സൂചന : സ.ഉ (സാധാ) നം.434/2021/സാ.നീ.വ തീയതി 22/6/2021.

അങ്കണവാടികൾ വഴി നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം, ഗുണഭോക്താക്കളുടെ എണ്ണം, പൊതുജന പങ്കാളിത്തം എന്നിവ കാര്യക്ഷമമാക്കുന്നതിനായും മോണിറ്ററിംഗും, പിന്തുണാ സംവിധാനവും മെച്ചപ്പെടുത്തുന്നതിനുമായി ഗ്രേഡിംഗ് നടത്തി വരുന്നു. വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നതിന് മേൽ സൂചനപ്രകാരം മാനദണ്ഡങ്ങൾ പുതുക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ഓരോ അങ്കണവാടിയും സേവന ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ സ്ഥാനം എവിടെയാണെന്ന് മനസ്സിലാക്കുന്നതിനും ന്യൂനതകൾ തിരിച്ചറിഞ്ഞ് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കും.

ഓരോ അങ്കണവാടിയുടെയും അടിസ്ഥാന സൗകര്യം, ഗുണഭോക്താക്കളുടെ എണ്ണം, പ്രവർത്തകരുടെ കഴിവ്, സേവന സന്നദ്ധത, പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം, ശുചിത്വ ഘടകങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയും സുതാര്യതയും, പൊതുജന പങ്കാളിത്തം, പ്രവർത്തകരുടെ വിഷയമേഖലയിലുള്ള അവഗാഹം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നത്. അതിനായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം സൂപ്പർവൈസർമാർ അവരുടെ പരിധിയിലുള്ള അങ്കണവാടികളെ A,B,C,D എന്നിങ്ങനെ ഗ്രേഡ് ചെയ്യേണ്ടതാണ്. 75-100 മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'A' ഗ്രേഡും 50-74 മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'B' ഗ്രേഡും 36-49 മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'C' ഗ്രേഡും 35 ന് താഴെ മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'D' ഗ്രേഡും നൽകാവുന്നതാണ്. ഒരു അങ്കണവാടി

ഏതു ഗ്രേഡിൽ ഉൾപ്പെടുന്നു എന്ന് പ്രാഥമികമായി സൂപ്പർവൈസർ പരിശോധിക്കുകയും ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർ റാൻഡം സന്ദർശനം നടത്തി ഉറപ്പുവരുത്തേണ്ടതുമാണ്. പഞ്ചായത്തിലെ ലിസ്റ്റ് എല്ലാ അങ്കണവാടികളുടേയും ഗ്രേഡിംഗ് വർഷത്തിലൊരിക്കൽ പഞ്ചായത്തുതല കമ്മിറ്റി അങ്കണവാടി സന്ദർശനം നടത്തി ഫൈനലൈസ് ചെയ്യേണ്ടതാണ്. കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ/വൈസ് ചെയർമാൻ, കോർപ്പറേഷൻ മേയർ/ഡെപ്യൂട്ടി മേയർ | ചെയർമാൻ |
| 2 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | വൈസ് ചെയർമാൻ |
| 3 | ജില്ലാ പഞ്ചായത്ത് മെമ്പർ | അംഗം |
| 4 | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | അംഗം |
| 5 | മെഡിക്കൽ ഓഫീസർ (PHC) | അംഗം |
| 6 | ശിശുവികസന പദ്ധതി ഓഫീസർ | അംഗം |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കൺവീനർ |

സൂപ്പർവൈസർ/ശിശു വികസന പദ്ധതി ഓഫീസർ ഓരോ തവണ അങ്കണവാടി സന്ദർശിക്കുമ്പോഴും അങ്കണവാടിയുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ഗ്രേഡിംഗ് മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി വിളിച്ചു ചേർത്ത് പുന: പരിശോധിക്കാവുന്നതുമാണ്. ഓരോ വർഷവും 10% അങ്കണവാടികളെങ്കിലും തൊട്ടടുത്ത ഗ്രേഡിലേയ്ക്ക് പ്രവേശിക്കുന്നുണ്ടെന്ന് ശിശുവികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്. സ്ഥിരമായി 'D' ഗ്രേഡിൽ തുടരുന്ന അങ്കണവാടികളിലെ പ്രവർത്തകർക്കും പ്രസ്തുത സൂപ്പർവൈസർമാർക്കും അവാർഡ് നിർണ്ണയ കമ്മിറ്റിയിൽ 'D' ഗ്രേഡിൽ തുടരുന്ന ഒരു അങ്കണവാടിയ്ക്ക് ഒരു മാർക്ക് എന്ന നിലയിൽ നെഗറ്റീവ് മാർക്ക് നൽകേണ്ടതാണ്.

ഇതോടൊപ്പം അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡപ്പട്ടിക പ്രകാരം ഓരോ മേഖലകൾക്കും നൽകാവുന്ന മാർക്ക് നിശ്ചയിക്കുകയും അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രസ്തുത മാർക്ക് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

C, D എന്നീ ഗ്രേഡിലുള്ള അങ്കണവാടികൾ നിരന്തരമായ ഇടപെടലുകളിലൂടെ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. 'സി', 'ഡി' ഗ്രേഡിലുള്ള അങ്കണവാടിയിലെ പ്രവർത്തകർ, വാർഡ് മെമ്പർ, സി.ഡി.പി.ഒ, സൂപ്പർവൈസർ, പഞ്ചായത്തിൽ 'എ' ഗ്രേഡ് ലഭിച്ച അങ്കണവാടിയിലെ പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ഗ്രൂപ്പ് രൂപീകരിക്കണം. ഗ്രേഡ് മെച്ചപ്പെടുത്തുന്നതിന് അങ്കണവാടിയുടെ പ്രവർത്തനങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ

മെച്ചപ്പെടുത്തുന്നതിനുവേണ്ട ആക്ഷൻ പ്ലാൻ ഓരോ അങ്കണവാടിയ്ക്കും വേണ്ടി തയ്യാറാക്കി നിശ്ചിത ഫോർമാറ്റിൽ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്. 'എ' ഗ്രേഡ് അങ്കണവാടികളുടെ പ്രവർത്തനങ്ങളുടെ മാതൃകകൾ നിരീക്ഷിക്കുന്നതിന് 'ഡി' ഗ്രേഡിലെ പ്രവർത്തകർക്ക് അവസരം നൽകേണ്ടതാണ്.

ഓരോ പ്രോജക്റ്റിലേയും അങ്കണവാടികളുടെ ഗ്രേഡ് തിരിച്ചുള്ള കണക്കും നിലവാരം ഉയർത്തുന്നതിന് ആക്ഷൻ പ്ലാൻ പ്രകാരം സ്വീകരിച്ച നടപടിയും ഓരോ മാസത്തെയും MPR- നോടൊപ്പം ശിശുവികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ശിശുവികസന പദ്ധതി ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗിൽ ഗ്രേഡിംഗ് ഒരു അജണ്ടയായി ഉൾപ്പെടുത്തി ഗ്രേഡിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ മോണിറ്റർ ചെയ്യേണ്ടതും ജില്ലയിലെ എല്ലാ അങ്കണവാടികളും 'A' ഗ്രേഡിൽ എത്തിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമുണ്ട്.

പുതുക്കിയ മാനദണ്ഡ പ്രകാരം അങ്കണവാടികളുടെ ഗ്രേഡിംഗ് നടത്തി ക്രോഡീകരിച്ച റിപ്പോർട്ട് **2022 മെയ് 15** നകം പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.**(email: wcdicdsb2@gmail.com)**

Padmashree B.

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി.**

ഉള്ളടക്കം:
പുതുക്കിയ ഗ്രേഡിംഗ് ക്രൈറ്റേറിയ

പകർപ്പ്:- 1) എല്ലാ ജില്ലാ ഓഫീസർമാർക്കും.
2) എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.
3) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

MS/22

.. 9711

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ഐസിഡിഎസ് - അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡപ്പട്ടിക പുതുക്കിയത് -2020- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 434/2021/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 22/06/2021**

---

പരാമർശം: 1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.03.2021 ലെ ഐസിഡിഎസ്/ ബി2-11310/20

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നതിനു വേണ്ടിയുള്ള അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡപ്പട്ടിക പുതുക്കിയത് - 2020 അംഗീകാരത്തിനായി പരാമർശം (1) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ അങ്കണവാടികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നതിനു വേണ്ടി അനുബന്ധമായി ചേർത്തിട്ടുള്ള അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡപട്ടിക പുതുക്കിയത് - 2020 അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ICDS

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡ പട്ടിക – പുതുക്കിയത് - 2020

| ക്രമ നം | | പരിഗണിക്കേണ്ട മേഖലകൾ | | | | | | | നൽകാവുന്ന പരമാവധി മാർക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | | അടിസ്ഥാന സൗകര്യം | | | | | | | |
| | എ | കെട്ടിടം | സ്വന്തം കെട്ടിടം | 2 | വാടക രഹിതം | 1 | വാടക കെട്ടിടം | 0 | 2 |
| | ബി | കെട്ടിടം മെയിന്റനൻസ് നടത്തിയത് | 1 വർഷത്തിനുള്ളിൽ | 2 | 2-5 വർഷത്തിനുള്ളിൽ | 1 | 5 വർഷത്തിനുമേൽ | 0 | 2 |
| | സി | വെന്റിലേഷൻ | വേണ്ടത്ര കാറ്റും വെളിച്ചവും ഉള്ളത് | 2 | മിതമായ അളവിൽ | 1 | തീരെ ഇല്ല | 0 | 2 |
| | ഡി | കുടിവെള്ള സൗകര്യം | സ്വന്തമായി സൗകര്യമുള്ളത് | 2 | സമീപ പ്രദേശങ്ങളിൽ നിന്ന് | 1 | തീരെ ഇല്ല | 0 | 2 |
| | ഇ | ടോയ് ലറ്റ് സൗകര്യം | വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട് | 2 | വൃത്തിയില്ല | 1 | ടോയ് ലറ്റ് ഇല്ല | 0 | 2 |
| | എഫ് | ചുറ്റുമതിൽ | കെട്ടുറപ്പുള്ളത് | 2 | കെട്ടുറപ്പില്ലാത്തത് | 1 | ചുറ്റുമതിൽ ഇല്ല | 0 | 2 |
| | ജി | വൈദ്യുതി കണക്ഷൻ | ഉള്ളത് | 2 | | | വൈദ്യുതി ഇല്ല | 0 | 2 |
| | എച്ച് | അടുക്കള സൗകര്യം | സുരക്ഷിതവും പ്രത്യേക അടുക്കള ഉള്ളതും | 2 | സുരക്ഷിതമല്ല / പ്രത്യേക അടുക്കള ഇല്ല | 0 | | | 2 |
| | ഐ | സ്റ്റോറേജ് സൗകര്യം | പ്രത്യേക സ്റ്റോർ റൂം, കണ്ടെയ്നറുകൾ എന്നിവ ഉള്ളത് | 2 | സ്റ്റോർ റൂം / കണ്ടെയ് നർ ഇല്ല | 1 | സ്റ്റോറേജ് സൗകര്യം ഇല്ല | 0 | 2 |
| | ജെ | കളി സ്ഥലവും പ്രവർത്തന യോഗ്യമായ കളി ഉപകരണങ്ങളും (ഔട്ട് ഡോർ) | വേണ്ടത്ര ഉണ്ട് | 2 | വേണ്ടത്ര ഇല്ല | 1 | തീരെ ഇല്ല | 0 | 2 |
| | കെ | യോഗ്യമായ കളി ഉപകരണം (ഇൻഡോർ) | വേണ്ടത്ര ഉണ്ട് | 2 | വേണ്ടത്ര ഇല്ല | 1 | തീരെ ഇല്ല | 0 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എൽ | ഏര്യാ മാപ്പ് | ഉണ്ട് | 1 | | | ഇല്ല / സൂക്ഷിക്കുന്നില്ല | 0 | 1 |
| | എം | ശിശുസൗഹൃദ പെയിന്റിംഗ് | വേണ്ടത്ര ഉണ്ട് | 2 | ഉണ്ട് | | ഇല്ല | 0 | 2 |
| | എൻ | അങ്കണവാടി പരിസരത്ത് ഏതെങ്കിലും തരത്തിൽ അപകടാവസ്ഥയുണ്ടോ | ഇല്ല | 2 | ഉണ്ട് | 0 | | | 2 |
| | ഒ | മാലിന്യ നിർമ്മാർജ്ജന സംവിധാനം | വേണ്ടത്ര ഉണ്ട് | 1 | വേണ്ടത്ര ഇല്ല | 0 | തീരെ ഇല്ല | 0 | 1 |
| | പി | അടുക്കളത്തോട്ടം | ഉണ്ട് | 2 | ഇല്ല | 0 | | | 2 |
| 2 | | **പ്രവർത്തകരുടെ കഴിവ് / മനോഭാവം / സേവന തൽപരത** | മികച്ചത് | 2 | ശരാശരി | 1 | ശരാശരിക്ക് താഴെ | 1 | 2 |
| 3 | | **ഗുണഭോക്താക്കളുടെ എണ്ണം** | | | | | | | |
| | എ | 6 മാസം – 3 വയസ്സ് | 50% ന് മുകളിൽ | 2 | 25% ന് മുകളിൽ 50% ന് താഴെ | 1 | 25% ന് താഴെ | 0 | 2 |
| | ബി | 3 വയസ്സ് – 6 വയസ്സ് | 50% ന് മുകളിൽ | 2 | 25% ന് മുകളിൽ 50% ന് താഴെ | 1 | 25% ന് താഴെ | 0 | 2 |
| 4 | | **പ്രീ-സ്കൂൾ വിദ്യാഭ്യാസം** | | | | | | | |
| | എ | തീം ചാർട്ട് പ്രദർശനം | ചെയ്യിട്ടുണ്ട് | 1 | | | ചെയ്യുന്നില്ല | 0 | 1 |
| | ബി | അമ്മ അറിയാൻ കാർഡ് | കൃത്യമായി നിർദ്ദേശം പാലിക്കുന്നു | 2 | ഭാഗികമായി പാലിക്കുന്നു | 1 | ചെയ്യുന്നില്ല | 0 | 2 |
| | സി | സമയാധിഷ്ഠിത പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ | കൃത്യമായി ചെയ്യുന്നുണ്ട് | 1 | | 0 | ചെയ്യുന്നില്ല | 0 | 1 |
| | ഡി | കളി പ്രവർത്തനങ്ങൾ ( Indoor / Outdoor game) | ശരിയായി ചെയ്യുന്നുണ്ട് | 1 | | 0 | ശരിയായി ചെയ്യുന്നില്ല | 0 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഇ | പഠന ഉപകരണങ്ങളുടെ ഉപയോഗം | ശരിയായി ഉപയോഗിക്കുന്നു | 1 | | 0 | ഉപയോഗിക്കുന്നില്ല | 0 | 1 |
| | എഫ് | പ്രീ സ്കൂൾ കോർണറുകൾ | എല്ലാ കോർണറുകളും ശരിയായി സൂക്ഷിക്കുന്നു | 1 | | | കോർണറുകൾ സെറ്റ് ചെയ്തിട്ടില്ല | 0 | 1 |
| | ജി | പോർട്ട് ഫോളിയോ മാനേജ്മെന്റ് | നന്നായി ചെയ്യുന്നു | 2 | സാമാന്യം നന്നായി ചെയ്യുന്നു | 1 | കൈകാര്യം ചെയ്യുന്നില്ല | 0 | 2 |
| | എച്ച് | ഡിസ്പ്ലേ ബോർഡ് | പ്രദർശിപ്പിച്ചിട്ടുണ്ട് | 2 | ശരിയായി പ്രദർശിപ്പിച്ചിട്ടില്ല | 1 | ഡിസ്പ്ലേ ബോർഡ് ഇല്ല | 0 | 2 |
| | ഐ | വിലയിരുത്തൽ (CDPO / Supervisor) | കൃത്യമായ ഇടവേളകൾ | 2 | വല്ലപ്പോഴും | 1 | ചെയ്യാറില്ല | 0 | 2 |
| | ജെ | ECCE ദിനാചരണം | കൃത്യമായി ചെയ്യുന്നു | 2 | കൃത്യമായി ചെയ്യുന്നില്ല | 1 | ചെയ്യാറില്ല | 0 | 2 |
| 5 | | SNP | | | | | | | |
| | എ | പോഷകാഹാര വിതരണം | ശരിയായ രീതിയിലും അളവിലും | 2 | ശരാശരി നിലവാരത്തിൽ | 1 | നന്നായി ചെയ്യുന്നില്ല | 0 | 2 |
| | ബി | ഫീഡിംഗ് മുടക്കം | സംഭവിച്ചിട്ടില്ല | 2 | 10 ദിവസത്തിനു താഴെ | 1 | 10 ദിവസത്തിൽ കൂടുതൽ | 0 | 2 |
| 6 | | ശുചിത്വം | | | | | | | |
| | എ | കുട്ടികൾ | വൃത്തിയായി കാണപ്പെടുന്നു | 2 | സാമാന്യം വൃത്തിയായി കാണപ്പെടുന്നു | 1 | വൃത്തി ഹീനം | 0 | 2 |
| | ബി | അങ്കണവാടി പ്രവർത്തകർ യൂണിഫോം ഉപയോഗം | ശരിയായി ഉപയോഗിക്കുന്നു | 2 | ഇടവേളകളിൽ മാത്രം | 1 | യൂണിഫോം ഉപയോഗിക്കാറില്ല | 0 | 2 |
| | സി | പരിസരം | വൃത്തിയായി സൂക്ഷിക്കുന്നു | 2 | സാമാന്യം വൃത്തിയായി സൂക്ഷിക്കുന്നു | 1 | വൃത്തിഹീനം | 0 | 2 |
| | ഡി | പാചകപ്പുര / അടുക്കള | വൃത്തിയായി സൂക്ഷിക്കുന്നു | 2 | സാമാന്യം വൃത്തിയായി സൂക്ഷിക്കുന്നു | 1 | വൃത്തിഹീനം | 0 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഇ | ടോയ് ലെറ്റ് ഉപയോഗം / കുട്ടികൾ | ശരിയായി ചെയ്യുന്നു | 1 | | 0 | ചെയ്യിക്കുന്നില്ല | 0 | 1 |
| | എഫ് | സോപ്പ്, ടൗവ്വൽ, പൈപ്പ് വാട്ടർ കണക്ഷൻ | ശരിയായി ഉപയോഗിക്കുന്നു | 1 | | 0 | ഉപയോഗിക്കുന്നില്ല | 0 | 1 |
| **7** | | **ആരോഗ്യ പോഷണ വിദ്യാഭ്യാസം** | | | | | | | |
| | എ | മദേഴ്സ് മീറ്റിംഗുകൾ / എത്ര പേർ പങ്കെടുത്തു എന്ന എണ്ണവും ഉൾപ്പെടുത്തണം | മുൻകൂട്ടി ആസൂത്രണം ചെയ്തു നടത്തി വരുന്നു | 1 | ആസൂത്രണം ഇല്ലാതെ നടത്തുന്നു | 0 | നടത്തുന്നില്ല | 0 | 1 |
| | ബി | കൗമാര ക്ലബ് മീറ്റിംഗുകൾ | കൃത്യമായ ഇടവേളകളിൽ നടത്തുന്നു | 1 | ആസൂത്രണം ഇല്ലാതെ നടത്തുന്നു | 1 | നടത്തുന്നില്ല | 0 | 1 |
| | സി | വിശേഷ ദിനാചരണങ്ങൾ | ശരിയായി നടത്തുന്നു | 1 | ആസൂത്രണം ഇല്ലാതെ നടത്തുന്നു | 1 | നടത്തുന്നില്ല | 0 | 1 |
| **8** | | **ഗ്രോത്ത് മോണിറ്ററിംഗ്** | | | | | | | |
| | | എല്ലാ കുട്ടികളിലും വളർച്ചാ നിരീക്ഷണം നടത്തുന്നുണ്ടോ | കൃത്യമായി follow up നടത്തുന്നു | 2 | ഭാഗികമായി follow up നടത്തുന്നു. | 1 | ഗ്രോത്ത് മോണിറ്ററിംഗ് നടത്തുന്നില്ല | 0 | 2 |
| 9 | | രജിസ്റ്ററുകൾ / റിപ്പോർട്ടുകൾ | ശരിയായി ചെയ്യുന്നു | 2 | അപാകത കാണുന്നു | 1 | ചെയ്യുന്നില്ല | 0 | 2 |
| 10 | | ഭവന സന്ദർശനം (3 മാസത്തേത്) | 50 ന് മുകളിൽ | 2 | 50 ന് താഴെ | 1 | നടത്താറേയില്ല | 0 | 2 |
| 11 | | വിവിധ വകുപ്പുകളുടെ ഏകോപനം | നന്നായി ലഭിക്കുന്നു | 2 | മിതമായി ലഭിക്കുന്നു | 1 | ലഭിക്കുന്നേയില്ല | 0 | 2 |
| 12 | | പൊതുജന പങ്കാളിത്തം | ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉണ്ട് | 2 | വല്ലപ്പോഴും ലഭിക്കുന്നു | 1 | ലഭിക്കുന്നില്ല | 0 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | | ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള ലൈസൻസും പ്രവർത്തനങ്ങൾക്കുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടഫിക്കറ്റും | രണ്ടും ലഭിച്ചിട്ടുണ്ട് | 1 | ഒന്നു മാത്രം ലഭിച്ചിട്ടുണ്ട് | 0 | ഒന്നും ലഭിച്ചിട്ടില്ല | 0 | 1 |
| 14 | | ICDS CAs Updation data entry all activities | 50-79 % ശരിയായി ചെയ്യുന്നു | 2 | 22-45% സാമാന്യം നന്നായി ചെയ്യുന്നു | 1 | Below 20 % ചെയ്യുന്നില്ല | 0 | 2 |
| 15 | | NNM, CBE പ്രോഗ്രാമുകളിൽ പൊതുജന പങ്കാളിത്തം ഉണ്ടോ | പങ്കാളിത്തം ഉണ്ട് | 2 | പൂർണ്ണ പങ്കാളിത്തം ഇല്ല | 1 | പങ്കാളിത്തം ഇല്ല | 0 | 2 |
| 16 | | വെയിംഗ് സ്കെയിൽ പ്രവർത്തനക്ഷമമാണോ | പ്രവർത്തനക്ഷമമാണ് | 2 | സാമാന്യം തെറ്റില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നു | 1 | പ്രവർത്തനക്ഷമമല്ല | 0 | 2 |
| 17 | | മെഡിസിൻ കിറ്റ് വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടോ | നല്ലതുപോലെ സൂക്ഷിക്കുന്നു | 1 | | | നല്ല രീതിയിൽ സൂക്ഷിക്കുന്നില്ല | 0 | 1 |
| 18 | | കാലാവധി കഴിഞ്ഞ മരുന്നുകൾ ഉണ്ടോ | ഇല്ല | 1 | ഉണ്ട് | 2 | | | 1 |
| 19 | | Vitamin A Supplementation നടത്തുന്നുണ്ടോ | നല്ല രീതിയിൽ | 2 | സാമാന്യം നല്ല രീതിയിൽ | 1 | ചെയ്യുന്നില്ല | 0 | 2 |
| 20 | | ALM SC രൂപീകരിച്ചിട്ടുണ്ടോ എത്ര ഇടവേളകളിൽ നടത്തുന്നു | കൃത്യമായി നടത്തുന്നു | 1 | | | നടത്തുന്നില്ല | 0 | 1 |
| 21 | | LSGD മുഖാന്തിരം അധിക | കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് | 1 | | | സൂക്ഷിക്കുന്നില്ല | 0 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | സൗകര്യങ്ങൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തൽ | | | | | | | |
| 22 | | അങ്കണവാടി മീറ്റിംഗിൽ ആരോഗ്യ പ്രവർത്തകർ / കുടുംബ പ്രവർത്തകർ പങ്കെടുക്കുന്നുണ്ടോ | എല്ലാ മീറ്റിംഗിലും പങ്കെടുക്കാറുണ്ട് | 2 | കുറച്ചുപേർ ചില മീറ്റിംഗുകളിൽ | 1 | ഒട്ടുംഇല്ല | 0 | 2 |
| 23 | | അങ്കണവാടി മോണിറ്ററിംഗ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ കൃത്യമായി പരിഹരിച്ച് നടപ്പിലാക്കാറുണ്ടോ | നടപ്പിലാക്കാറുണ്ട് | 2 | സാമാന്യം തെറ്റില്ലാത്ത രീതിയിൽ നടപ്പിലാക്കുന്നു | 1 | നടപ്പിലാക്കുന്നില്ല | 0 | 2 |
| 24 | | പൊതുജനങ്ങളിൽ നിന്ന് അങ്കണവാടി പ്രവർത്തകരെ കുറിച്ചുള്ള വിലയിരുത്തൽ (വർക്കർ / ഹെൽപ്പർ) | നല്ല അഭിപ്രായം | 2 | സാമാന്യം തെറ്റില്ലാത്ത അഭിപ്രായം | 1 | നല്ല അഭിപ്രായം അല്ല | 0 | 2 |
| 25 | | PMMVY ഗുണഭോക്താക്കളിൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോ | ഉണ്ട് | 2 | ഭാഗികമായി സമർപ്പിക്കുന്നുണ്ട് | 1 | സമർപ്പിക്കുന്നില്ല | 0 | 2 |
| 26 | | Vulnerability mapping അങ്കണവാടി തലത്തിൽ കാര്യക്ഷമമായി നടത്തിയോ | നടത്തുന്നു | 1 | | | നടത്തുന്നില്ല | 0 | 1 |
| | | **ആകെ** | | | | | | | 100 |

# അങ്കണവാടി ഗ്രേഡിംഗ്

| ക്രമ നം. | പരിഗണിക്കേണ്ട മേഖലകൾ | മാർക്ക് - 2 |
|---|---|---|
| 1 | **അടിസ്ഥാന സൗകര്യം** | 30 28 |
| | a. കെട്ടിടം | |
| | b. കെട്ടിടം മെയിന്റനൻസ് നടത്തിയത് | |
| | c. വെന്റിലേഷൻ | |
| | d. കുടിവെള്ള സൗകര്യം | |
| | e. ടോയ് ലറ്റ് സൗകര്യം | |
| | f. ചുറ്റമതിൽ | |
| | g. വൈദ്യുതി കണക്ഷൻ | |
| | h. അടുക്കള സൗകര്യം | |
| | i. സ്റ്റോറേജ് സൗകര്യം | |
| | j. കളി സ്ഥലവും പ്രവർത്തന യോഗ്യമായ കളി ഉപകരണങ്ങളും (ഔട്ട് ഡോർ) | |
| | k. യോഗ്യമായ കളി ഉപകരണം (ഇൻഡോർ) | |
| | l. ഏര്യാ മാപ്പ് | |
| | m. ശിശുസൗഹൃദ പെയിന്റിംഗ് | |
| | n. അങ്കണവാടി പരിസരത്ത് ഏതെങ്കിലും തരത്തിൽ അപകടാവസ്ഥയുണ്ടോ | |
| | o. മാലിന്യ നിർമ്മാർജ്ജന സംവിധാനം | |
| | p. അടുക്കളത്തോട്ടം | |
| 2 | **പ്രവർത്തകരുടെ കഴിവ് / മനോഭാവം / സേവന തൽപരത** | 2 |
| 3 | **ഗുണഭോക്താക്കളുടെ എണ്ണം** | 4 |
| | a) 6 മാസം - 3 വയസ്സ് | |
| | b) 3 വയസ്സ് - 6 വയസ്സ് | |
| 4 | **പ്രീ-സ്കൂൾ വിദ്യാഭ്യാസം** | 15 |
| | a. തീം ചാർട്ട് പ്രദർശനം | |
| | b. അമ്മ അറിയാൻ കാർഡ് | |
| | c. സമയാധിഷ്ഠിത പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ | |
| | d. കളി പ്രവർത്തനങ്ങൾ ( Indoor / Outdoor game) | |
| | e. പഠന ഉപകരണങ്ങളുടെ ഉപയോഗം | |
| | f. പ്രീ സ്കൂൾ കോർണറുകൾ | |
| | g. പോർട്ട് ഫോളിയോ മാനേജ്മെന്റ് | |
| | h. ഡിസ്പ്ലേ ബോർഡ് | |
| | i. വിലയിരുത്തൽ (CDPO / Supervisor) | |
| | j. ECCE ദിനാചരണം | |
| 5 | **SNP** | 4 |
| | a. പോഷകാഹാര വിതരണം | |

| | | |
|---|---|---|
| | b. ഫീഡിംഗ് മുടക്കം | |
| 6 | **ശുചിത്വം** | 10 |
| | a. കുട്ടികൾ | |
| | b. അങ്കണവാടി പ്രവർത്തകർ യൂണിഫോം ഉപയോഗം | |
| | c. പരിസരം | |
| | d. പാചകപ്പുര / അടുക്കള | |
| | e. ടോയ് ലെറ്റ് ഉപയോഗം / കുട്ടികൾ | |
| | f. സോപ്പ്, ടൗവ്വൽ, പൈപ്പ് വാട്ടർ കണക്ഷൻ | |
| 7 | **ആരോഗ്യ പോഷണ വിദ്യാഭ്യാസം** | 3 |
| | a. മദേഴ്സ് മീറ്റിംഗുകൾ / എത്ര പേർ പങ്കെടുത്തു എന്ന എണ്ണവും ഉൾപ്പെടുത്തണം | |
| | b. കൗമാര ക്ലബ് മീറ്റിംഗുകൾ | |
| | c. വിശേഷ ദിനാചരണങ്ങൾ | |
| 8 | **ഗ്രോത്ത് മോണിറ്ററിംഗ്** | 2 |
| | a. എല്ലാ കുട്ടികളിലും വളർച്ചാ നിരീക്ഷണം നടത്തുന്നുണ്ടോ | |
| 9 | **രജിസ്റ്ററുകൾ / റിപ്പോർട്ടുകൾ** | 2 ✓ |
| 10 | **ഭവന സന്ദർശനം**<br>**(3 മാസത്തേത്)** | 2 ✓ |
| 11 | **വിവിധ വകുപ്പുകളുടെ ഏകോപനം** | 2 |
| 12 | **പൊതുജന പങ്കാളിത്തം** | 2 |
| 13 | **ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള ലൈസൻസും പ്രവർത്തനങ്ങൾക്കുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടഫിക്കറ്റും** | 1 |
| 14 | ICDS CAs Updation data entry all activities | 2 ✓ |
| 15 | **NNM, CBE പ്രോഗ്രാമുകളിൽ പൊതുജന പങ്കാളിത്തം ഉണ്ടോ** | 2 ✓ |
| 16 | **വെയിംഗ് സ്കെയിൽ പ്രവർത്തനക്ഷമമാണോ** | 2 ✓ |
| 17 | **മെഡിസിൻ കിറ്റ് വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടോ** | 1 ✓ |
| 18 | **കാലാവധി കഴിഞ്ഞ മരുന്നുകൾ ഉണ്ടോ** | 1 ✓ |
| 19 | Vitamin A Supplementation **നടത്തുന്നുണ്ടോ** | 2 ✓ |
| 20 | ALM SC **രൂപീകരിച്ചിട്ടുണ്ടോ**<br>**എത്ര ഇടവേളകളിൽ നടത്തുന്നു** | 1 ✓ |
| 21 | LSGD **മുഖാന്തിരം അധിക സൗകര്യങ്ങൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തൽ** | 1 ✓ |
| 22 | **അങ്കണവാടി മീറ്റിംഗിൽ ആരോഗ്യ പ്രവർത്തകർ / കുടുംബ പ്രവർത്തകർ പങ്കെടുക്കുന്നുണ്ടോ** | 2 ✓ |
| 23 | **അങ്കണവാടി മോണിറ്ററിംഗ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ കൃത്യമായി പരിഹരിച്ച് നടപ്പിലാക്കാറുണ്ടോ** | 2 ✓ |
| 24 | **പൊതുജനങ്ങളിൽ നിന്ന് അങ്കണവാടി പ്രവർത്തകരെ ക്കുറിച്ചുള്ള വിലയിരുത്തൽ (വർക്കർ / ഹെൽപ്പർ)** | 2 ✓ |

| | | |
|---|---|---|
| 25 | PMMVY ഗുണഭോക്താക്കളിൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോ | 2 |
| 26 | കുട്ടികളുടെ Vulnerability Mapping അങ്കണവാടി തലത്തിൽ കാര്യക്ഷമമായി നടത്തിയോ | 1 |
| | ആകെ | 100 |